(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ പുതുതായി എതെങ്കിലും ക്ഷാമനിവാരണ നടപടികൾ നടത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ ഇനവിവരം എതെല്ലാം;

(സി) ഇതിലേക്ക് ആകെ എത്ര ഉറുപ്പിക ചെലവായി;

(ഡി) പ്രസ്തുത സംഖ്യ കഴിഞ്ഞ വർഷത്തേതിൽ കൂടുതലോ കുറവോ;

(ഇ) ഫൻ ഒഫ്-ൽ ഈ നടപടി തുടർന്നു നടത്തുവാൻ ആലോചിച്ചിട്ടുണ്ടോ;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ലാ.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

CROW MORE FOOD SCHEME

*394 [4] **Sri. D. Gnanasigamoni:** Will the Hon'ble the Chief Ministe be pleased to state:

(*a*) whether the efforts taken by the Government under the Grow More Food Scheme have to any appreciable extent resulted in increase in the production of paddy;

(*b*) if so, to what extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) An additional production of about 29,423 tons of rice in 1949—50.

പാട്ടത്തിനു സ്ഥലം

*നു൯ ൫. (൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ—കൊച്ചി സംയോജനത്തിനുശേഷം നെയ്യാറിങ്കര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോപ്പും, പാപ്പനംകോട് താളിവിളത്തോപ്പും ഗവൺമെൻറിൽ നിന്നും പാട്ടം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക്കെല്ലാം, എന്തുകൊണ്ടു്;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

സംയോജനത്തിനുശേഷം നെയ്യാറിൻകര താലൂക്കിൽ നേമം പകുതിയിൽ നീറമൺകര കണ്ടുകൃഷിത്തോപ്പു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടില്ല. പാപ്പനം കോട് താളിത്തോപ്പു ശ്രീപാദം വകയാണു്. അതിനെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ ഗവൺമെൻറിനു അറിവില്ല.

LAND COMMITTEE REPORT

*396. [6] **Sri. N. D. Jose:** Will the Hon'ble Minister for Revenue be pleased to state:—

(*a*) whether the Government has considered the report of the Land Committee; and

(*b*) the recommendations proposed to be implemented?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) and (*b*) The report is under consideration.

LIBRARY ARCHIVES Kerala Legislative Assembly